HLM-0170

The Heavenly Light Ministry

യേശു വിളിക്കുന്നു യേശു വിളിക്കുന്നു
സ്നേഹമോടെ തൻ കരങ്ങൾ നീട്ടി യേശു വിളിക്കുന്നു
ആകുലവേളകളിൽ ആശ്വാസം നൽകിടും താൻ
എന്നറിഞ്ഞു നീയും യേശുവേ നോക്കിയാൽ
എണ്ണമില്ലാ നന്മ നൽകിടും താൻ
കണ്ണീരെല്ലാം തുടയ്ക്കും കണ്മണിപോലെ കാക്കും
കാർമേഘം പോലെ കഷ്ടങ്ങൾ വന്നാലും
കനിവോടെ നിന്നെ കാത്തിടും താൻ
മനക്ലേശം നേരിടുമ്പോൾ ബലം നിനക്കു നൽകും
ആ വെള്ളി വെളിച്ചം രക്ഷയുമാകയാൻ
താമസമെന്യെ നീ വന്നീടുക
സകല വ്യാധിയേയും സുഖമാക്കും വല്ലഭൻ താൻ
ആരായിരുന്നാലും ഭേദങ്ങളെന്യെ
കൃപയാലെ സ്നേഹം നൽകിടും താൻ